പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 103 — 23.01.2018 ൽ മറുപടിക്ക്

## ഉഡാൻ വിമാനയാത്രാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാധാരണക്കാർക്ക് ആഭ്യന്തര വിമാന യാത്ര സാധ്യമാക്കുക യെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഉഡാൻ വിമാനയാത്രാ പദ്ധതിയിൽ പങ്കാളിയാകാൻ സംസ്ഥാനം കേന്ദ്രവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. എയർ ലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർ ലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് വേണ്ടിയുള്ള സ്കീം ആണ് റീജിയണൽ കണക്റ്റിവിറ്റി സ്കീം (ആർ.സി.എസ്.സ്കീം- ഉഡാൻ) 27.12.2017 ൽ കേന്ദ്ര വ്യോമയാന മന്ത്രാലയവുമായും എയർപോർട്ട് അതോറിറ്റിയുമായും ആർ.സി.എസ് സ്കീമിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് ഒപ്പു വച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഏത് വിമാനത്താവളത്തിൽ നിന്നുമാണ് ഉഡാൻ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ബി) | കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.